(ബി) പേരാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പുതിയ ബസ്സ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) തലശ്ശേരി-കൂത്തുപറമ്പ്-വേങ്ങോട്-കീഴില്ലൂർ-മട്ടന്നൂർ-മാമാനത്തമ്പലം ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

ഉത്തരം

(എ) 59 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഏതൊക്കെ സർവ്വീസുകളാണെന്നുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) പേരാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഒരു സർവ്വീസ് നിലവിലുണ്ട്. കണ്ണൂർ കോളയാട് എന്ന സർവ്വീസാണത്.

(സി) ഉണ്ട്. ഈ റൂട്ട് ദേശസാൽകൃത മേഖലയിലില്ലാത്തതിനാലും ബസ്സുകൾ കുറവായതു കാരണവും പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല.

കെ.എസ്.ആർ.ടി.സി. ബോർഡിലെ അംഗങ്ങൾ

100(1924)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിൽ എത്ര അംഗങ്ങൾ ഉണ്ട്;

(ബി) ഇവർ ആരൊക്കെയാണ്; ഇതിൽ സർക്കാർ ഉദ്യോഗസ്ഥർ, നോൺ ഓഫീഷ്യൽ അംഗങ്ങൾ എന്നിവർ ആരെല്ലാമാണ്;

(സി) ഓരോ വിഭാഗത്തിലും അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഡി) അർദ്ധ സർക്കാർ, ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയിലെ ഉദ്യോഗസ്ഥർക്ക് ബോർഡ് അംഗങ്ങളാകുവാൻ വ്യവസ്ഥ ഉണ്ടോ;

(ഇ) ഓട്ടോണമസ് ബോഡിയായ അനർട്ട്-ന്റെ ഡയറക്ടറെ ബോർഡ് അംഗങ്ങളാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ അംഗമാക്കിയത്;

(എഫ്) അദ്ദേഹത്തിനെതിരെ വിജിലൻസ് കേസ്സ് എപ്പോഴെങ്കിലും നിലവിലുണ്ടായിരുന്നോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസ്സുകൾ;

(ജി) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് ആരെയെങ്കിലും നിയമിക്കുവാൻ മാനേജിംഗ് ഡയറക്ടറുടെ ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ആരെയാണ് ശുപാർശ ചെയ്തിരിക്കുന്നത്; അദ്ദേഹത്തിന്റെ യോഗ്യത, മുൻപരിചയം എന്നിവ വെളിപ്പെടുത്തുമോ;

(എച്ച്) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് ആരാണ്; ഈ തസ്തികയിലേക്കുള്ള നിയമനരീതി വിശദീകരിക്കുമോ; ഇവ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഐ) കെ.എസ്.ആർ.ടി.സി.യിലെ ഏതൊക്കെ തസ്തികകളിലേയ്ക്ക് സർക്കാരിന് നേരിട്ട് നിയമനം നടത്താമെന്ന് അറിയിക്കുമോ; മറ്റ് തസ്തികക

† ആനുബന്ധം - XIV

LIBRARY ARCHIVES Kerala Legislative Assembly

ളിലേയ്ക്ക് സർക്കാർ നേരിട്ട് നിയമനം നടത്തുന്നതിന്റെ നിയമന സാധ്യത വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചെയർമാൻ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ.

(ബി) ചെയർമാൻ

ഡോ. സത്യനാരായണ - പ്രിൻസിപ്പൽ സെക്രട്ടറി, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് ഇൻചാർജ്ജ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് ഔദ്യോഗിക അംഗങ്ങൾ

1. ശ്രീ. പി.എസ്. ധർമ്മരാജൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. ജെയിംസ് കെ. ജോസഫ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.
3. ശ്രീ. രാമുഗുപ്ത, അഡീ. ഫിനാൻഷ്യൽ അഡ്വൈസർ (ഐ), ഉപരിതല ഗതാഗത മന്ത്രാലയം, ന്യൂഡൽഹി.
4. ശ്രീമതി രാജശ്രീ അജിത്, മാനേജിംഗ് ഡയറക്ടർ, കേരളാ ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.

(സി) ഇതിലേയ്ക്ക് പ്രത്യേകിച്ച് യോഗ്യതകൾ നിശ്ചയിക്കപ്പെട്ടിട്ടില്ല. സർക്കാരിന്റെ യുക്താനുസരണം അംഗങ്ങളെ നോമിനേറ്റ് ചെയ്യാവുന്നതാണ്.

(ഡി) ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥരെ നിയമിക്കരുതെന്ന് വ്യവസ്ഥയില്ല.

(ഇ) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(എഫ്) വിശദവിവരം ശേഖരിച്ചുവരുന്നു.

(ജി) എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശമ്പള സ്കെയിലിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന നിലയിൽ ഒരു കേണൽ ഫെർണാണ്ടസിനെ നിയമിക്കാൻ സർക്കാർ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. മുൻപരിചയം യോഗ്യത എന്നിവയെക്കുറിച്ച് അറിവില്ല.

(എച്ച്) സർക്കാരിന്റേയും കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡിന്റേയും തീരുമാനങ്ങൾക്കു വിധേയമായി മാനേജിംഗ് ഡയറക്ടറാണ് എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. അതാതു വിഭാഗത്തിലുള്ള സീനിയർ ഉദ്യോഗസ്ഥരെ ഉദ്യോഗക്കയറ്റം വഴി പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കുകയാണ് പതിവ്. മുൻകാലങ്ങളിലും ഈ രീതി തന്നെയാണ് അനുവർത്തിച്ചിട്ടുള്ളത്.

(ഐ) കെ.എസ്.ആർ.ടി.സി.യിൽ മാനേജിംഗ് ഡയറക്ടർ, ഫിനാൻഷ്യൽ അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് സർക്കാരാണ്. മറ്റ് ഹയർ ഡിവിഷൻ ഓഫീസർമാരെ പ്രൊമോഷൻ വഴിയും ജീവനക്കാരെ പി.എസ്.സി. വഴിയുമാണ് നിയമനം നടത്തുന്നത്.

തിരുവനന്തപുരം ജില്ലയിൽ കണ്ടക്ടർമാരുടെ നിയമനം

101(1925) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly